# Chithranjali Studio

**(a unit of KSFDC Ltd)**
**Thiruvallam P O, Thiruvanthapuram 695027**

**No.13 /CS/Estate(General)/2020-21** **26/08/2021**

## ടെണ്ടർ നോട്ടീസ്

തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വക ഭൂമിയിൽ നിന്നും മേനിലം ഭാഗത്തെ 04 സ്ഥലങ്ങളിലായി ഇടിഞ്ഞു കിടക്കുന്ന മണ്ണ് സർക്കാരിൽ ഒടുക്കേണ്ട ഫീസും കെ.എസ്.എഫ്.ഡി.സിയ്ക്ക് ഒരു ലോഡ് മണ്ണിന്റെ വിലയും അടച്ച് നിബന്ധ നകൾക്ക് വിധേയമായി നീക്കം ചെയ്ത് കൊണ്ടു പോകുന്നതിന് ഈ മേഖലയിൽ പരിചയ സമ്പന്നരായ കരാറുകാരിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾ സ്വീകരിയ്ക്കുന്ന അവസാന തീയതി 07.09.2021 വൈകിട്ട് 03.00 pm ടെണ്ടർ ഫോമിനും കൂടുതൽ വിവരങ്ങൾക്കും www.ksfdc.in സന്ദർശിക്കുക (ഫോൺ) 9074192137, 9188602494.

Sd/-
**സ്റ്റുഡിയോ മാനേജർ(i/c)**

# Chithranjali Studio

**(a unit of KSFDC Ltd)**
**Thiruvallam P O, Thiruvanthapuram 695027**

**No.13 /CS/Estate(General)/2020-21** **26/08/2021**

## ടെണ്ടർ നിർദ്ദേശങ്ങളും നിബന്ധനകളും

തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വക ഭൂമിയിൽ തിരുവല്ലം - മേനിലം സ്വദേശികളായ ശ്രീ. ശരത് എം. എസ് (site-1), ശ്രീ. അനിഷ് കുമാർ എൻ.എസ് & ശ്രീ. അജീഷ് എൻ (site-2), ശ്രീ. ബിനുകുമാർ എസ് (site-3) എന്നിവരുടെ വീടിന്റെ പുറകുവശത്തേയ്ക്ക് അപകടാവസ്ഥയിൽ ഇടിഞ്ഞു വീണു കിടക്കുന്ന മണ്ണ് നീക്കം ചെയ്ത് കൊണ്ടുപോകുന്നതിന് ഈ മേഖലയിൽ പരിചയസമ്പന്നരായ കരാറുകാരിൽ നിന്നും മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു. നിരതദ്രവ്യം 3,000/-(മൂവായിരം) രൂപ.

ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി **07.09.2021** വൈകിട്ട് **3.00 pm** വരെ. ഒരു ലോഡ് മണ്ണിന് ഏറ്റവും ഉയർന്ന തുക വാഹനത്തിന്റെ അളവ് സഹിതം ടെണ്ടർ ഫോമിൽ രേഖപ്പെടുത്തുന്ന വ്യക്തിയ്ക്ക് കരാർ സ്ഥിരപ്പെടുത്തി നൽകുന്നതാണ്. കരാർ ലഭിക്കുന്ന വ്യക്തി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ കരാർ തുക അടയ്ക്കേണ്ടതാണ്. കൂടാതെ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ വിധ സർക്കാർ ഫീസുകളും അടച്ച് പാസ് വാങ്ങി നിയമപരമായ എല്ലാനടപടിക്രമങ്ങളും പാലിച്ച് അടിയന്തിരമായി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മണ്ണ് നീക്കം ചെയ്യേണ്ടതാണ്. ടെണ്ടർ സ്ഥിരപ്പെടുത്തുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും മാനേജ്മെന്റിനു പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്. മുദ്രവച്ച കവറിനുമുകളിൽ **"മണ്ണുനീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ"** എന്ന് വ്യക്തമായി രേഖപ്പെടുത്തി **സ്റ്റുഡിയോ മാനേജർ, ചിത്രാഞ്ജലി സ്റ്റുഡിയോ, തിരുവല്ലം, തിരുവനന്തപുരം-27** എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം.

1) ടെണ്ടർ ഫോമിനോടൊപ്പം നിരതദ്രവ്യമായി കെ.എസ്.എഫ്.ഡി.സി ലിമിറ്റഡ് എന്ന പേരിൽ മാറാവുന്ന 3,000/- രൂപയുടെ ഡി.ഡി/ക്യാഷ് രസീത് എന്നിവയും ടെണ്ടറിൽ പങ്കെടുക്കുന്ന ആളുടെ ആധാർ കാർഡ് /പാൻകാർഡ് എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്യണം.
2) മണ്ണ് നീക്കം ചെയ്യേണ്ട സ്ഥലങ്ങൾ സന്ദർശിച്ച് ഇടിഞ്ഞ് വീണ് കിടക്കുന്ന മണ്ണ് നേരിൽ കണ്ട് ബോദ്ധ്യപ്പെട്ട ശേഷം മാത്രം ടെണ്ടർ സമർപ്പിക്കേണ്ടതാണ്.

3) ടെണ്ടർ സ്വീകരിയ്ക്കുവാനും നിരുപാധികം നിരസിക്കുവാനും സ്റ്റുഡിയോ മാനേജർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും. കരാർ കാലവധിക്കുള്ളിൽ ജോലികൾ തൃപ്തികരമായില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ യാതൊരുവിധ അറിയിപ്പും കൂടാതെ കരാർ റദ്ദ്ചെയ്യുന്നതിന് സ്റ്റുഡിയോ മാനേജർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
4) ടെണ്ടർ സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തി 25,000/- രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റായി അടയ്ക്കേണ്ടതാണ്.
5) മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാവിധ സർക്കാർ ഫീസുകളും അടച്ച് മൈനിംഗ് & ജിയോളജി ഓഫീസിൽ നിന്നും പാസ് വാങ്ങി റവന്യൂ, പോലീസ് എന്നീ വകുപ്പുകളുടെ എല്ലാ നിയമങ്ങളും നടപടിക്രമങ്ങളും കർശനമായി പാലിച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മണ്ണ് നീക്കം ചെയ്യേണ്ടതാണ്.
6) മണ്ണ് നീക്കം ചെയ്യുമ്പോൾ സ്റ്റുഡിയോ വസ്തുവകകൾക്കും സമീപത്തെ വസ്തുവകകൾക്കും നാശനഷ്ടം ഉണ്ടാകരുത്. ഏതെങ്കിലും തരത്തിൽ ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരന് മാത്രമായിരിക്കും ഉത്തരവാദിത്ത്വം.
7) കെ.എസ്.എഫ്.ഡി.സി സൈറ്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിലും നിർദ്ദേശാനുസരണവും മാത്രമേ ഇടിഞ്ഞുവീണു അപകടാവസ്ഥയിലുള്ള മണ്ണ് നീക്കം ചെയ്യാൻ പാടുള്ളു.
8) അനുമതി നൽകിയ അളവിനു ഉപരിയായി മണ്ണ് നീക്കം ചെയ്യുവാൻ പാടുള്ളതല്ല.
9) മണ്ണ് നീക്കംചെയ്യുന്നതിന് ഉപയോഗിക്കുന്ന ജെ.സി.ബി/ഹിറ്റാച്ചി, ടിപ്പർ എന്നിവയുടെ നമ്പർ മുൻകൂട്ടി സ്റ്റുഡിയോ മാനേജറെ രേഖാമൂലം അറിയിക്കേണ്ടതാണ്. ടി വാഹനങ്ങൾക്ക് മാത്രമേ പാസ് അനുവദിക്കുകയുള്ളു.
10) മണ്ണ് നീക്കം ചെയ്യേണ്ടത് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിക്കും വൈകിട്ട് 05.00 മണിക്കും ഇടയിൽ ആയിരിക്കണം. മണ്ണ് നീക്കം ചെയ്യുന്നതിനിടയിൽ ഉണ്ടായേക്കാവുന്ന തടസ്സങ്ങളും തർക്കങ്ങളും കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്.
11) ടെണ്ടർ ഫോമിൽ കരാറുകാരൻ മണ്ണ് നീക്കം ചെയ്യുവാൻ ഉപയോഗിക്കുന്ന വാഹനത്തിന്റെ അളവ് വളരെ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.

Sd/-

**സ്റ്റുഡിയോ മാനേജർ(i/c)**

**തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ വക ഭൂമിയിൽ നിന്നും തിരുവല്ലം - മേനിലം ഭാഗത്തേയ്ക്ക് ഇടിഞ്ഞുവീണ മണ്ണ് നീക്കം ചെയ്യുന്നതുനായുള്ള ടെണ്ടർ**

# ടെണ്ടർ ഫോം

| | |
|---|---|
| 1) പേര്, മേൽവിലാസം, ഫോൺ നമ്പർ | |
| 2) ടെണ്ടർ നോട്ടീസ് നമ്പർ, തീയതി | |
| 3) പാൻകാർഡ് നമ്പർ, ജിഎസ്റ്റി നമ്പർ. | |
| 4) നിരതദ്രവ്യം സംബന്ധിച്ച വിവരം<br>ഡിഡി/ രസീത് നമ്പർ<br>തീയതി | 3,000/- രൂപ മാത്രം |
| 5) മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട സർക്കാരിൽ അട യ്ക്കേണ്ട എല്ലാവിധ ഫീസുകൾ അടയ്ക്കുന്നതിന് തയ്യാറാണോ. | |
| 6) മണ്ണ് പൂർണ്ണമായി നീക്കം ചെയ്യുന്ന തിന് ആവശ്യമായ സമയം. | |
| 7) ഒരു ലോഡ് മണ്ണിന് സ്റ്റുഡിയോ യിൽ അടയ്ക്കുന്ന മണ്ണിന്റെ വിലയും, വാഹനത്തിന്റെ അളവും വളരെ വ്യക്തമായും കൃത്യമായും രേഖപ്പെടുത്തിയിരിക്കണം. (അക്കത്തിലും അക്ഷരത്തിലും) | |

<u>പ്രസ്താവന</u>

ടെണ്ടർ നോട്ടീസ് പ്രകാരമുള്ള സ്ഥലം സന്ദർശിച്ച് ഇടിഞ്ഞുവീണ് കിട ക്കുന്ന മണ്ണ് നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാകുന്നു. പ്രസ്തുത സ്ഥലങ്ങളിലെ വീടുകൾക്കും ചിത്രാഞ്ജലി സ്റ്റുഡിയോ വസ്തുവകകൾക്കും യാതൊരു വിധത്തിലു മുള്ള കേടുപാടുകൾ വരുത്താതെ ടി മണ്ണ് നീക്കം ചെയ്യുന്നതാണെന്നും ടെണ്ടർ വ്യവസ്ഥകൾ പൂർണമായും അംഗികരിച്ചുകൊണ്ടാണ് മേൽപ്പറഞ്ഞിരിക്കുന്ന ടെണ്ടർ തുക രേഖപ്പെടുത്തിയിക്കുന്നതെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്:

പേര്:

സ്ഥലം — മേൽവിലാസം:

തീയതി — ഫോൺ നമ്പർ: